21059
26/12/16

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - മലയാറ്റൂർ ഡിവിഷൻ കട്ടമ്പുഴ റെയിഞ്ചിൽ ആനക്കുളം സ്റ്റേഷൻ ഒ.ആർ.6/98 നമ്പർ കേസ്-കുറ്റാരോപിതരായ ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടി-സർവ്വശ്രീ സി.ബാബു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, പി.ശ്യാം, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ റിട്ട റിട്ടയേർഡ് ഫോറസ്റ്റ് ഗാർഡുമാരായ പി.കെ.രാജൻ, പി.വി.കൃഷ്ണൻകുട്ടി, പി.എം. ആന്റണി സി.കെ.എബ്രഹാം എന്നിവരെ കുറ്റവിമുക്തരാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## വനം വന്യജീവി (എ) വകുപ്പ്

സ.ഉ. (സാധാ) നം.478/2016/വനം    തീയതി. തിരുവനന്തപുരം, 19.12.2016.

പരാമർശം:-

1) 13.05.2011 ലെ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) റുടെ ബി4 17240/05 നമ്പർ കത്ത്.

2) 22.09.2011 ലെ 5368/എ 1/2011 നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

3) 22.09.2011 ലെ 5368/എ 1/2011 നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

4) 09.12.2011 തീയതിയായി ശ്രീ.പി.ശ്യാം, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ.സി.ബാബു അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രിക.

5) 13.04.2012 തീയതിയായി പി.വി.കൃഷ്ണൻകുട്ടി, പി.കെ.ഷാഹുൽ ഹമീദ്, സി.കെ.എബ്രഹാം എന്നിവരും 15.08.2013 തീയതിയായി പി.എം. ആന്റണിയും സമർപ്പിച്ച വിശദീകരണം.

6) 30.08.2013, 23.10.2014, 05.12.2014 എന്നീ തീയതികളിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) റുടെ ബി4-17240/2005 നമ്പർ കത്തുകൾ.

7) 11.03.2015 ലെ സ.ഉ.(സാധാ) നം.99/2015/വനം ഉത്തരവ്.

8) 20.06.2015 ലെ സ.ഉ.(സാധാ) നം.273/2015/വനം ഉത്തരവ്.

9) 13.11.2015 ലെ 5368/എ 1/2011 നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

10) 27.08.2016 ലെ ഇ 1-1742/2016 നമ്പർ ഔപചാരികാന്വേഷണ റിപ്പോർട്ട്.

11) 05.10.2016 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) റുടെ ബി4-17240/2005 നമ്പർ കത്ത്.

## ഉത്തരവ്

മലയാറ്റൂർ ഡിവിഷനിലെ കട്ടമ്പുഴ റെയിഞ്ചിൽ ആനക്കുളം സ്റ്റേഷൻ ഒ.ആർ. 6/98 നമ്പർ കേസുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവ്വശ്രീ.സി.ബാബു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, പി.ശ്യാം, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, പി.കെ.രാജൻ, ഫോറസ്റ്റ് ഗാർഡ് എന്നിവർക്ക്

സർക്കാർ തലത്തിൽ പരാമർശം (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി. ടിയാന്മാർക്കെതിരെയുള്ള കുറ്റങ്ങൾ താഴെപ്പറയുന്നവയാണ്:

1) 30.05.1998 ൽ മഹസ്സർ തയ്യാറാക്കി രജിസ്റ്റർ ചെയ്ത ഒ.ആർ 6/98 എന്ന കേസ്സിലെ മുഴുവൻ തൊണ്ടിയും പ്രതികളെയും കണ്ടെത്തി ബന്ധപ്പെട്ട കോടതിയിൽ ചാർജ്ജ് ചെയ്യാതിരുന്നതു വഴി സർക്കാരിന് 60,000/- രൂപ (അറുപതിനായിരം രൂപ മാത്രം) യുടെ നഷ്ടം വരുത്തി.

2) സർക്കാർ മുതൽ കാത്തു സൂക്ഷിക്കുന്നതിൽ പരാജയപ്പെടുകയും അതുവഴി ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുകയും ചെയ്തു.

കൂടാതെ ഈ വിഷയത്തിൽ കുറ്റക്കാരായ സർവ്വശ്രീ. പി.വി.കൃഷ്ണൻകുട്ടി, ഫോറസ്റ്റ് ഗാർഡ് (റിട്ട), പി.എം.ആന്റണി, ഫോറസ്റ്റ് ഗാർഡ് (റിട്ട), പി.കെ.ഷാഹുൽ ഹമീദ്, ഫോറസ്റ്റ് ഗാർഡ് (റിട്ട), സി.കെ.എബ്രഹാം, ഫോറസ്റ്റ് ഗാർഡ് (റിട്ട) എന്നിവരിൽ നിന്നും കെ.എസ്.ആർ ഭാഗം മൂന്നിലെ ചട്ടം 3 പ്രകാരം 8,571/- രൂപ വീതം ഈടാക്കാനും ടിയാന്മാരുടെ പ്രതിമാസ പെൻഷനിൽ നിന്നും 100/- രൂപ വീതം ഒരു വർഷത്തേയ്ക്ക് കുറവു ചെയ്യാനും സർക്കാർ തീരുമാനിക്കുകയും ടിയാന്മാർക്ക് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു.

കുറ്റാരോപിതരിൽ ശ്രീ.പി.കെ.രാജൻ, പ്രതിവാദ പത്രിക സമർപ്പിച്ചില്ല. ബാക്കി കുറ്റാരോപിതർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേലും പരാമർശം (5) പ്രകാരം സമർപ്പിച്ച വിശദീകരണങ്ങളിന്മേലും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) തന്റെ അഭിപ്രായം പരാമർശം (6) പ്രകാരം അറിയിക്കുകയുണ്ടായി.

കുറ്റാരോപിതരുടെ പ്രതിവാദ പത്രികകൾ തൃപ്തികരമല്ല എന്ന് കണ്ടെത്തിയതിനെത്തുടർന്ന് സർവ്വീസിലുണ്ടായിരുന്ന കുറ്റാരോപിതർക്കെതിരെ പരാമർശം (8) പ്രകാരം ഔപചാരികാന്വേഷണത്തിന് ഉത്തരവിടുകയുണ്ടായി.

കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.പി.കെ.ഷാഹുൽ ഹമീദ് സമർപ്പിച്ച വിശദീകരണം തൃപ്തികരമായതിനാൽ ടിയാനെ പരാമർശം (7) പ്രകാരം കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിച്ചു. കാരണം കാണിക്കൽ നോട്ടീസ് നൽകപ്പെട്ട സർവ്വശ്രീ.പി.വി.കൃഷ്ണൻകുട്ടി, ഫോറസ്റ്റ് ഗാർഡ് (റിട്ട), പി.എം.ആന്റണി, ഫോറസ്റ്റ് ഗാർഡ് (റിട്ട), സി.കെ.എബ്രഹാം, ഫോറസ്റ്റ് ഗാർഡ് (റിട്ട) എന്നിവരിൽ നിന്നും 10,000/- രൂപ വീതം ഈടാക്കുവാനും ടിയാന്മാരുടെ പ്രതിമാസ പെൻഷനിൽ നിന്നും 100/- രൂപ (നൂറു രൂപ മാത്രം) ഒരു വർഷത്തേയ്ക്ക് കുറവു ചെയ്യാനും തീരുമാനിച്ച് പരാമർശം (9) പ്രകാരം പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ് നൽകി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (10) പ്രകാരമുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ട് പരാമർശം (11) പ്രകാരമുള്ള അഭിപ്രായം സഹിതം അയച്ചു തരികയുണ്ടായി. അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

I Shri.C.Babu, Assistant Conservator of Forest

1. The accused officer was holding the charge of Kuttampuzha range from 06.03.1997 to 02.06.1999
2. As per the Forest Code it is primarily the responsibility of the Deputy Ranger or Forester in charge of a section to protect the forest. However, a Range Officer is supposed to exercise close supervision over all members of protective staff who are charge with protection of forests in the Range.
3. Despite the fact that Kuttampuzha range has a vast area of 325 Sq.km with difficult terrain, the Range Officer is bound to carry out the duties

entrusted to him as per the Forest Code.

4. The timber which was illegally removed is from the dead and fallen trees which were partially destroyed in forest fire.

5. Seized thondy was left in the field itself as it was not economical to collect it because there was no road accessibility. The fallen trees would have got decayed and disintegrated with time, as it was not possible to transport the material.

6. The value of timber illegally removed was Rs.60,000/- and value of thondy seized from the site of offense was Rs.14,300/-

7. Thondy could not be collected from site as the forest area is very interior with no road accessibility and it was not possible to transport and auction it. No timber working or collection of wind fallen timber was possible from these interior forest areas.

8. The timber from these three dead trees would not have contributed to Government revenue, since timber working was not being done from these interior forest areas.

9. The loss to Government is not directly due to loss of timber, but due to loss of biodiversity of the forest, for which a definite value can't be fixed objectively.

10. No head way would be made in the case. On reason could be that there are no habitations in the vicinity of site of offense and therefore no evidence could be collected about the offenders' entry into the forest area.

11. There is no mens rea on the part of the accused officer and good service entries earned by him during his service proved a point in this regard.

II Shri.P.Syam, Range Forest Officer (Rtd)

1. The accused officer was holding the charge of Deputy Ranger, Anakulam Forest Station from 16.01.1998 to 03.07.1998

2. The accused officer has registered the offense after seeing the dried logs and stumps in the interior forest area with the good intention of finding the culprits and bringing them to book.

3. As per the Forest Code, a Deputy Ranger or Forester in charge of a section which comprises of one or more beats, is the chief protective officer for that section and is responsible for the protection of all forest and other Government properties in that section. He is directly responsible to their Range Office for all items of work entrusted to him (Forest Code Vol.1, 3.3.11)

4. Despite the fact that Anakulam Forest area has a vast area of 62.5 Sq.km with difficult terrain, the Deputy Ranger is bound to carry out the duties entrusted to him as per the Forest Code.

5. The timber which was illegally removed is from the dead and fallen trees which were partially destroyed in forest fire.

6. Seized thondy was left in the field itself as it was not economical to collect it because there was no road accessibility. The fallen trees would have got decayed and disintegrated with time.

7. The value of timber illegally removed was Rs.60,000/- and value of thondy seized from the site of offense was Rs.14,300/-

8. Thondy could not be collected from site as the forest area is very interior with no road accessibility and it was not possible to transport and auction it. No timber working or collection of wind fallen timber was possible from these interior forest areas.

9. The timber from these three dead trees would not have contributed to Government revenue, since timber working was not being done from these interior forest areas.

10. The loss to Government is not directly due to loss of timber, but due to loss of biodiversity of the forest, for which a definite value can't be fixed objectively.

11. An accused officer registered the offense suo moto with good intention of bringing culprits to the book. But subsequently no head way could be made in the case. On reason could be that there are no habitations in the vicinity of site of offense and therefore no evidence could be collected about the offenders' entry into the forest area.

12. Since the accused officers booked offense on his own and not at the behest of other superior officers, there is no lapse in discharging official duties and more important there is no mens rea. If the officer who booked the offense suo moto with good intention is penalized and made to suffer, it may go against the doctrine of self incrimination.

**Conclusions by the enquiry officer**

1. The charge that "Because of not finding the accused and thondy and because of not charging the OA 6/98 case which was registered on 30.05.1998, Government loss of Rs.60,000/- was caused" is not established. The trees were burnt in forest fire and from the burnt trees pieces were illegally removed. The point to be considered is that the area from where timber is removed is not a plantation, but an interior natural forest area and timber working from these areas is not possible. The burnt trees would not in any

case have contributed to Government revenue since timber working was not possible due to inaccessibility of the area. It can't be said that there is no loss at all. The dead trees would have contributed to fertility of forest soil subsequently which can contribute to maintain the biodiversity in general of the forest area. Fixing an objective value is a difficult task.

2. The charge that "He failed to protect the Government property due to dereliction/negligence in discharging official duties" is not established. Considering the vastness of jurisdiction and complexity of issues in Kuttampuzha range and Anakulam station life encroachment, illegal poaching, forest fires etc at that point of time no negligence/dereliction of duty on the part of the accused officers could be conclusively established.

ഔപചാരികാന്വേഷണത്തിൽ ശ്രീ.സി.ബാബു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ശ്രീ.പി.ശ്യാം, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട) എന്നിവർക്കെതിരെയുള്ള ആരോപണങ്ങൾ ഒന്നും തന്നെ തെളിയിക്കപ്പെട്ടിട്ടില്ല. അന്വേഷണാധികാരിയുടെ കണ്ടെത്തലുകളോട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) യോജിച്ചിട്ടുണ്ട്.

90 കളിൽ വനം കുറ്റവാളികളാൽ കുപ്രസിദ്ധമായിരുന്നു കുട്ടമ്പുഴ റെയിഞ്ചും തുണ്ടത്തിൽ റെയിഞ്ചിലെ വടാട്ടുപാറ തുടങ്ങിയ സ്ഥലങ്ങളും. സ്റ്റാഫിന്റെയും ഭൗതിക സൗകര്യങ്ങളുടെയും കുറവു നിമിത്തവും ഏറിയ പങ്കും ദുർഗ്ഗമ പ്രദേശങ്ങളായിരുന്നതിനാലും നിതാന്ത ജാഗ്രത പുലർത്തിയാൽ പോലും കുറ്റകൃത്യങ്ങൾ തടയാൻ കഴിയാത്ത സാഹചര്യവും നിലവിലുണ്ടായിരുന്നു. അന്വേഷണം നടത്തിയിട്ടും കുറ്റക്കാരെ കണ്ടെത്താൻ കഴിഞ്ഞില്ല എന്ന കുറ്റാരോപിതരുടെ വാദങ്ങൾ ഇക്കാര്യത്തിൽ ഒരു പരിധി വരെ അംഗീകരിക്കാവുന്നതാണ്. കുറ്റകൃത്യം നടന്നത് ഉൾവനത്തിലാണ് കൂടാതെ വീണു കിടന്നു തീ കത്തിയ തേക്ക്, ഈട്ടി തടികളാണ് മുറിച്ചു മാറ്റിയത്. ടി സ്ഥലത്തു നിന്ന് തടികൾ ശേഖരിക്കുക എന്നത് അസാധ്യമാണ്. അതിനാൽ തീയിലും മഴയിലും വെയിലിലും നശിച്ച് മണ്ണടിയുമായിരുന്ന തടികളാണ് നഷ്ടപ്പെട്ടത്. അത്തരത്തിലുള്ള തടികൾ അനധികൃതമായി മുറിച്ചുമാറ്റിയത് കണ്ടെത്തി. പക്ഷേ തടിയും കുറ്റവാളികളെയും കണ്ടെത്തിയില്ല എന്നതാണ് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച.

ടി കേസ് റെയിഞ്ചാഫീസറുടെ നേരിട്ടുള്ള മേൽനോട്ടം ആവശ്യമുള്ള കുറ്റകൃത്യമായിരുന്നു ചെറിയ കഷ്ണങ്ങളാക്കി തലച്ചുമടായി കടത്തിയ തടി കഷ്ണങ്ങൾ കോതമംഗലം, മൂവാറ്റുപുഴ തുടങ്ങിയ പട്ടണങ്ങളിലെ ഫർണിച്ചർ കടകളിൽ എത്തിച്ചിരിക്കുവാനാണ് സാധ്യത. കുട്ടമ്പുഴ വനകുറ്റകൃത്യം കൂടുതലുള്ള വിസ്തൃതമായ വനമേഖലയായിരുന്നു. പിന്നീട് റെയിഞ്ചിനെ വിഭജിച്ചു. ഈ സാഹചര്യങ്ങൾ പരിഗണിച്ചും, അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ അംഗീകരിച്ചുകൊണ്ടും റെയിഞ്ചാഫീസറെ കുറ്റവിമുക്തനാക്കാവുന്നതാണെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ശുപാർശ ചെയ്തു.

ഡെപ്യൂട്ടി റെയിഞ്ചാഫിസറായിരുന്ന ശ്രീ.പി.ശ്യാം കൃത്യം കണ്ടെത്തി 2 മാസത്തിനകം സ്ഥലം മാറി പോയിരുന്നു. കൃത്യം കണ്ടെത്തിയതു പരിഗണിച്ചും, സ്റ്റേഷൻ പരിധിയിലെ മറ്റു വന സംരക്ഷണ മുൻഗണനകളായ അതിർത്തിയിലെ കൈയ്യേറ്റം തടയൽ, ജണ്ട നിർമ്മാണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിയിരുന്ന സാഹചര്യം പരിഗണിച്ചും അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ അംഗീകരിച്ചു കൊണ്ടും ടിയാനെയും കുറ്റവിമുക്തനാക്കാവുന്നതാണെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ശുപാർശ ചെയ്യുകയും ചെയ്തു.

ശ്രീ.പി.കെ.രാജൻ, അന്വേഷണത്തിൽ [illegible] 2013 ൽ സർവ്വീസിൽ നിന്ന് വിരമിക്കുകയും ഡി.സി.ആർ.ജി കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ടിയാന്റെ കാര്യത്തിൽ ഒരു [illegible] അന്വേഷണം നടത്തിയിട്ടില്ല എങ്കിലും ആ അന്വേഷണത്തിന് കാലതാമസം നേരിട്ടതിനാലും ശ്രീ.പി.കെ.രാജനെയും വിഷയവുമായി ബന്ധപ്പെട്ട് കാരണം കാണിക്കൽ നോട്ടീസ് നൽകപ്പെട്ട വിരമിച്ച ഫോറസ്റ്റ് ഗാർഡുമാരായ സർവ്വശ്രീ.പി.വി.കൃഷ്ണൻകുട്ടി പി.എം.ആന്റണി, സി.കെ.എബ്രഹാം എന്നിവരടക്കം എല്ലാ ഉദ്യോഗസ്ഥരെയും കുറ്റവിമുക്തരാക്കാവുന്നതാണെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (11) പ്രകാരം ശുപാർശ ചെയ്യുകയും ചെയ്തു.

സർക്കാർ ഈ വിഷയം ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഔപചാരികാന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെയും അതിന്മേലുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം) റുടെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ സർവ്വശ്രീ.സി.ബാബു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, പി.ശ്യാം, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട), പി.കെ.രാജൻ, ഫോറസ്റ്റ് ഗാർഡ് (റിട്ട), പി.വി.കൃഷ്ണൻകുട്ടി, ഫോറസ്റ്റ് ഗാർഡ് (റിട്ട), പി.എം.ആന്റണി, ഫോറസ്റ്റ് ഗാർഡ് (റിട്ട) സി.കെ.എബ്രഹാം, ഫോറസ്റ്റ് ഗാർഡ് (റിട്ട) എന്നിവരെ ആരോപണങ്ങളിൽ നിന്നും കുറ്റവിമുക്തരാക്കിക്കൊണ്ട് ടിയാന്മാർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ജി.അനിൽകുമാർ.
അഡീഷണൽ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)
ശ്രീ.സി.ബാബു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്.
ശ്രീ.പി.ശ്യാം, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട).
ശ്രീ.പി.കെ.രാജൻ, ഫോറസ്റ്റ് ഗാർഡ് (റിട്ട),
ശ്രീ.പി.വി.കൃഷ്ണൻകുട്ടി, ഫോറസ്റ്റ് ഗാർഡ് (റിട്ട).
ശ്രീ.പി.എം.ആന്റണി, ഫോറസ്റ്റ് ഗാർഡ് (റിട്ട).
ശ്രീ.സി.കെ.എബ്രഹാം, ഫോറസ്റ്റ് ഗാർഡ് (റിട്ട)
(അഡീഷണൽ പ്രിൻസിപ്പൽ കൺസർവേറ്റർ ഓഫ് ചീഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ